(ബി) റോഡു ഗതാഗതത്തിൽ വരുന്ന വർദ്ധന അനുസരിച്ച് നിലവിലുള്ള റോഡുകളും വികസിപ്പിക്കുന്നതിനോ പുതിയവ നിർമ്മിക്കുന്നതിനോ എന്തെല്ലാം നടപടികളാണ് എടുക്കുവാനുദ്ദേശിക്കുന്നത്;

(സി) ഇതുമായി ബന്ധപ്പെടുത്തി എക്സ്പ്രസ്സ് ഹൈവേക്ക് രൂപം കൊടുക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) പഠനം നടത്തി വരുന്നു.

(ബി) റോഡുഗതാഗതത്തിൽ വരുന്ന വർദ്ധന കണക്കിലെടുത്ത് എൻ. എച്ച്. 47-ഉം എൻ.എച്ച്. 17-ഉം നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ നടപടികളും എടുത്തുവരുന്നു. തിരുവനന്തപുരം നഗരത്തിലെ വർദ്ധിച്ചു വരുന്ന ഗതാഗതകുരുക്ക് കണക്കിലെടുത്ത് 42 കി.മി. റോഡുകളുടെ വികസനത്തിനായുള്ള ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ മറ്റ് 27 റോഡുകളും അടിവ്യദ്ധിപ്പെടുത്തുന്ന പണിയും പുരോഗമിച്ചു വരുന്നു. കൊച്ചി, കോഴിക്കോട് നഗരങ്ങളിലെ ഗതാഗത പ്രശ്നങ്ങളും പരിഹരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

(സി) എക്സ്പ്രസ്സ് ഹൈവേ നിർമ്മിക്കുന്നതിനുള്ള പ്രാഥമിക സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി വിശദമായ പദ്ധതി രൂപരേഖ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

ബി. എഡ്. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങൾ

7 [229] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. പി. ജയരാജൻ:
,, കെ. പി. സതീശ് ചന്ദ്രൻ:
,, സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. എഡ്. പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളിൽ ഈ വർഷം മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ബി. എഡ്. കോളേജുകളിൽ മെറിറ്റ് സീറ്റിലേക്കുള്ള പ്രവേശന ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ബി.എഡ്. പ്രവേശനത്തിനായി തയ്യാറാക്കിയ നിബന്ധനകളിൽ ചിലത് കാലിക്കറ്റ്, കണ്ണൂർ, എം. ജി. യൂണിവേഴ്സിറ്റി വിദ്യാർത്ഥികളായ അപേക്ഷകരെ ദ്രോഹകരമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒരു വിധിയുടെ അടിസ്ഥാനത്തിൽ 2005-2006 അദ്ധ്യയന വർഷത്തിലെ ബി. എഡ്. അഡ്മിഷനു കേന്ദ്രീകൃത അലോട്ട്മെന്റ് നടപ്പിലാക്കാൻ സർക്കാർ തീരുമാനമെടുത്തു. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലെ ഇതിനായുള്ള മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് ഒരു ഏകീകൃത മാനദണ്ഡം സർക്കാർ രൂപീകരിക്കുകയും അതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബി. എഡ്. പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് തയ്യാറാക്കുകയും ചെയ്തു. (പ്രോസ്പെക്ടസിന്റെ പകർപ്പ് അനുബന്ധമായി കൊടുത്തിരിക്കുന്നു.)†

(ബി) കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) എല്ലാ സർവ്വകലാശാലകളുടെയും മാനദണ്ഡങ്ങൾ ക്രോഡീകരിച്ചുകൊണ്ട് സംസ്ഥാനത്തിന് മുഴുവൻ ബാധകമാകത്തക്ക രീതിയിലാണ് പുതുക്കിയ മാനദണ്ഡം സ്വീകരിച്ചത്. മെറിറ്റ് ലിസ്റ്റിൽ സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭ്യമാക്കുകയും അവരുടെ അക്കാഡമിക് നിലവാരം സംരക്ഷിക്കുകയും ചെയ്യുന്ന വിധത്തിലുള്ള മാനദണ്ഡങ്ങളാണ് അംഗീകരിച്ചിട്ടുള്ളത്. അതിനാൽ വിദ്യാർത്ഥികളെ ഇവ യാതൊരു തരത്തിലും പ്രതികൂലമായി ബാധിക്കുന്നില്ല.

സ്വാശ്രയ കോഴ്സുകളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യങ്ങൾ

3 [230] ശ്രീ. കെ. കെ. ജയചന്ദ്രൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. ചന്ദ്രൻ:
,, കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളിൽ പഠനം നടത്തിവരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഈ വർഷത്തെ ഫീസ് ആനുകൂല്യം അനുവദിച്ചിട്ടില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ;

(സി) സ്വാശ്രയ കോളേജുകളിൽ പട്ടികജാതി വിഭാഗത്തിലെ കുട്ടികളോട് ഫീസ് ആവശ്യപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly